# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5108 27-07-2015 ൽ മറുപടിക്ക്

### ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർസെക്കന്ററി ഡയറക്ടറേറ്റ്, റീജണൽ ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ ഏതെല്ലാം വകുപ്പുകളിൽ നിന്നുള്ള ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ; | ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ എയ്ഡഡ് കോളേജിൽ നിന്നും 2 പേർ, റവന്യൂ വകുപ്പിൽ നിന്നും ഒരാൾ, സെക്രട്ടേറിയറ്റിൽ നിന്നും 18 പേർ, റീജിയണൽ ഡയറക്ടേറ്റിൽ സെക്രട്ടേറിയറ്റിൽ നിന്നും ഒരാൾ |
| (ബി) ഹയർ സെക്കന്ററി വകുപ്പിനെ പൊതു-വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | പരിഗണനയിലില്ല |
| (സി) ഹയർസെക്കന്ററി വകുപ്പിൽ ജോലിചെയ്യുന്ന മറ്റു വകുപ്പുകളിലെ ജീവനക്കാരെ അവരുടെ ലാവണങ്ങളിലേക്ക് തിരിച്ചയയ്ക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്;<br>(ഡി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ? | ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ സർവ്വകലാശാലകളിൽ നിന്നും ജോലിനോക്കി വന്നിരുന്ന ജീവനക്കാരെ 27.04.2015-ലെ ജി.ഒ(എം.എസ്)നം.96/15/പൊ.വി.വ ഉത്തരവ് പ്രകാരം വകുപ്പിൽ തുടരാൻ താല്പര്യമുള്ള പക്ഷം വകുപ്പിൽ അബ്സോർബ് ചെയ്യുന്നതിനും, അല്ലാത്തവരെ വിടുതൽ ചെയ്യുന്നതിനും ഉത്തരവായതനുസരിച്ച് 33 യൂണിവേഴ്സിറ്റി ജീവനക്കാർ മാതൃസ്ഥാപനത്തിലേക്ക് 31.05.2015 തീയതി പ്രാബല്യത്തിൽ വകുപ്പിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. 16 യൂണിവേഴ്സിറ്റി ജീവനക്കാരെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ റഗുലറൈസ് ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടേഷനിലും മറ്റും ഇപ്പോഴും തുടരുന്ന ജീവനക്കാരെ വകുപ്പിൽ പ്രൊമോഷനിലൂടെയും മറ്റും സ്ഥിരനിയമനം നടത്തുന്ന മുറയ്ക്ക് തിരിച്ചയയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ